"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

**സംഗ്രഹം**

ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ് - വിഷൽ മീഡിയ ലിസ്റ്റ് - റിപ്പോർട്ടർ ടി.വിയുടെ പരസ്യനിരക്ക് പരിഷ്കരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് (ഡി) വകുപ്പ്

സ.ഉ.(അച്ചടി) നം.1/2026/I&PRD തീയതി,തിരുവനന്തപുരം,. 25-02-2026

---

പരാമർശം:-

1. 07.01.2019-തീയതിയിലെ സ.ഉ (അച്ചടി) 01/2019/ഐ&പി.ആർ നമ്പർ ഉത്തരവ്
2. 26.02.2021 തീയതിയിലെ സ.ഉ (അച്ചടി) നം. 3/2021/ഐ&പി.ആർ.ഡി നം. സർക്കാർ ഉത്തരവ്
3. 10.08.2021-തീയതിയിലെ സ.ഉ (സാധാ) നം. 126/2021/ഐ&പി.ആർ.ഡി നം. സർക്കാർ ഉത്തരവ്
4. 11.10.2022 തീയതിയിലെ സ.ഉ (അച്ചടി) നം. 2/2022/ഐ&പി.ആർ.ഡി നം. സർക്കാർ ഉത്തരവ്
5. റിപ്പോർട്ടർ ടി.വി സമർപ്പിച്ച അപേക്ഷ
6. റിപ്പോർട്ടർ ടി.വി യും ഐ&പി.ആർ.ഡി ഡയറക്ടറുമായുള്ള 02/02/2026 തീയതിയിലെ റേറ്റ് കോൺട്രാക്ട്

**ഉത്തരവ്**

സർക്കാർ പരസ്യങ്ങൾ ദൃശ്യമാധ്യങ്ങളിൽ സംപ്രേഷണം ചെയ്യുന്നതുമായി ബന്ധപ്പെട്ട നയവും നടപടിക്രമങ്ങളും, മാർഗ്ഗനിർദ്ദേശങ്ങളും നിർദ്ദേശിച്ചുകൊണ്ടും വിഷൽ മീഡിയ ലിസ്റ്റും പരസ്യനിരക്കും പരിഷ്കരിച്ചുകൊണ്ടും പരാമർശം (2) പ്രകാരം സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. പ്രസ്തുത സർക്കാർ ഉത്തരവിന് തുടർച്ചയായി പരാമർശം (4) പ്രകാരം സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ളതാണ്. പരാമർശം (2) പ്രകാരം നിശ്ചയിച്ചിട്ടുള്ള തങ്ങളുടെ നിരക്ക് പരിഷ്കരിക്കണമെന്നാവശ്യപ്പെട്ടുകൊണ്ട് റിപ്പോർട്ടർ ടി.വി പരാമർശം (5) പ്രകാരം അപേക്ഷ സമർപ്പിക്കുകയുണ്ടായി. പ്രസ്തുത അപേക്ഷ പരാമർശം (3) പ്രകാരം രൂപീകരിച്ച സ്റ്റാന്റിംഗ് കമ്മിറ്റി വിശദമായി പരിശോധിക്കുകയും പ്രസ്തുത ചാനലിന്റെ നിരക്ക് പരിഷ്കരിച്ച് നൽകുന്നതിന് ശിപാർശ ചെയ്തിട്ടുണ്ട്

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിക്കുകയും സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ശിപാർശ അംഗീകരിച്ചുകൊണ്ട് ചുവടെ ചേർക്കും പ്രകാരം റിപ്പോർട്ടർ ടി.വിയുടെ നിലവിലെ നിരക്ക് പരിഷ്കരിച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു. പ്രസ്തുത പരസ്യനിരക്ക് മീഡിയാ ലിസ്റ്റ്/ പരസ്യനിരക്ക് പരിഷ്കരണം സംബന്ധിച്ച പുതിയ ഉത്തരവ് നിലവിൽ വരുന്നതുവരെ പ്രാബല്യം ഉണ്ടായിരിക്കുന്നതാണ്.

| ചാനൽ | വിഭാഗം | നിരക്ക് (രൂപ) (10 സെക്കൻറിന്) | | |
|---|---|---|---|---|
| | | പ്രൈം ടൈം | നോൺ പ്രൈം ടൈം | ലേറ്റ് പ്രൈം ടൈം |
| റിപ്പോർട്ടർ ടി.വി | ന്യൂസ് ചാനൽ | 4600/- | 2300/- | 1150/- |

പരാമർശം (2) സർക്കാർ ഉത്തരവിൽ നിഷ്കർഷിച്ചിട്ടുള്ള നിബന്ധനകൾ റിപ്പോർട്ടർ ടി.വിയ്ക്കും ബാധകമായിരിക്കുന്നതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

ശ്യാം വി

ജോയിന്റ് സെക്രട്ടറി

<u>പകർപ്പ്</u>

Managing Director, Reporter TV, Reporter Studio Complex, HMT Colony, P.O Kalamassery, Ernakulam-683503

സെക്രട്ടേറിയറ്റിലെ എല്ലാ ഭരണവകുപ്പുകളുടേയും സെക്രട്ടറിമാർക്ക്

സംസ്ഥാന സർക്കാരിന്റെ വകുപ്പ് തലവൻമാർക്കും

എല്ലാ ജില്ലാ കളക്ടർമാർക്കും

രജിസ്ട്രാർ, ഹൈക്കോടതി, എറണാകുളം (ആമുഖകത്ത് സഹിതം)

രജിസ്ട്രാർ, കേരള/മഹാത്മാഗാന്ധി/കോഴിക്കോട്/കണ്ണൂർ/കാർഷിക/മലയാളം/ സംസ്കൃത/ ആരോഗ്യ/കേരള സാങ്കേതിക സർവകലാശാല/കുഫോസ്/ കുസാറ്റ്/ കേരള വെറ്ററിനറി ആൻറ് അനിമൽ സയൻസസ്/നാഷണൽ യൂണിവേഴ്സിറ്റി ഓഫ് അഡ്വാൻസ്ഡ് ലീഗൽ സ്റ്റഡീസ്/സെൻട്രൽ യൂണിവേഴ്സിറ്റി ഓഫ് കേരള (ആമുഖ കത്ത് സഹിതം)

എല്ലാ ബോർഡുകളുടെയും, കോർപ്പറേഷനുകളുടെയും, കമ്മീഷനുകളുടെയും, ഏജൻസികളുടെയും, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടേയും, സ്വയംഭരണ സ്ഥാപനങ്ങളുടെയും ഡയറക്ടർമാർക്ക്/സെക്രട്ടറിമാർക്ക്

എല്ലാ പൊതുമേഖലാ സ്ഥാപനങ്ങളുടേയും മാനേജിംഗ് ഡയറക്ടർമാർക്ക്

അക്കൗണ്ടൻറ് ജനറൽ (എ&ഇ) കേരള (ആമുഖകത്ത് സഹിതം)

ബഹു. മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറി/എല്ലാ മന്ത്രിമാരുടേയും പ്രൈവറ്റ് സെക്രട്ടറിമാർക്ക്)

ചീഫ് സെക്രട്ടറിയുടെ ഒ എസ് ടി യ്ക്ക്

ഐ&പി.ആർ.ഡി അഡീഷണൽ ഡയറക്ടർമാർക്ക്

ഐ&പി.ആർ വകുപ്പിലെ ജോയിന്റ് സെക്രട്ടറി

ഐ&പി.ആർ.വകുപ്പിലെ അക്കൗണ്ട്സ് ഓഫീസർ

പരസ്യം-മാർക്കറ്റിംഗ് വിഭാഗം ഇൻഫർമേഷൻ ഓഫീസർ

ഇൻഫർമേഷൻ ഓഫീസർ, വെബ് & ന്യൂമീഡിയ (ഔദ്യോഗിക വെബ് സൈറ്റുകളിൽ ഉൾപ്പെടുത്തുന്നതിന്)

എല്ലാ ജില്ലാ ഇൻഫർമേഷൻ ഓഫീസർമാർക്കും

കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Nizam.

സെക്ഷൻ ഓഫീസർ